**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3384** **14-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചതേങ്ങ സംഭരിക്കുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പ്രഖ്യാപിച്ച ഉല്പാദന ചെലവിന്റെ ഒന്നര ഇരട്ടി വില നിശ്ചയിച്ച് പച്ചതേങ്ങ സംഭരിക്കുമെന്ന വാഗ്ദാനം എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ കിലോഗ്രാമിന് 32/-രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത് . ഉൽപ്പാദനചിലവിന്റെ അടിസ്ഥാനത്തിൽ സംഭരണ വില നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഗ്രാമപഞ്ചായത്തുകൾ തോറും പച്ചതേങ്ങ സംഭരിക്കുന്ന സംവിധാനം ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14/01/2022-ൽ സർക്കാർ ഉത്തരവായിരുന്നു. ആദ്യ ഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡിന്റെ മേൽ പറഞ്ഞ 5 കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേനയും , വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (VFPCK) യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയും ആണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. |
| (സി) | കഴിഞ്ഞ ആറ് വർഷമായി പച്ചതേങ്ങ സംഭരണം നിലച്ചത് കാരണം സംസ്ഥാനത്തെ നാളികേര കർഷകർക്കുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ ആറ് വർഷമായി പച്ചത്തേങ്ങയുടെ മാർക്കറ്റ് വില സർക്കാർ പ്രഖ്യാപിച്ചിരുന്ന താങ്ങുവിലയേക്കാൾ അധികമായിരുന്നതിനാൽ പച്ചത്തേങ്ങ സംഭരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ